ഉത്തരം

(എ) പെരുവഴിക്കടവ് പാലത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണം പുരോഗമിക്കുന്നു. 5 വെൽ നിർമ്മിക്കേണ്ടതിൽ 4 എണ്ണം പൂർത്തിയായിട്ടുണ്ട്. Deck slab തുടങ്ങിയ പണികൾ ശേഷിക്കുന്നു.

(ബി) പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടായി.

(സി) സ്ഥലം ഇപ്പോൾ ലഭിച്ചിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ ഫണ്ട് നൽകിയിട്ടുണ്ട്.

(ഇ) ഒരു വർഷത്തിനകം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ

58 [2947] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട തിരുവനന്തപുരം സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളുടെ പ്ലാനിന് അന്തിമ അംഗീകാരമായിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി ടെൻഡർ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ ഒന്നാംഘട്ട പ്രവർത്തനം എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതാണ് അറിയിക്കാമോ?

ഉത്തരം

(എ) പ്ലാൻ അംഗീകാരത്തിനായി കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ വിളിച്ചിട്ടുണ്ട്.

(സി) ഒന്നാംഘട്ട പ്രവർത്തനം 2007-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

മുക്കം സിവിൽ സ്റ്റേഷൻ നിർമ്മാണം

59 [2948] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ മുക്കത്ത് മരാമത്ത് വക സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിന് വേണ്ടി കൈക്കൊണ്ട നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തി എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കണമെന്നുള്ള ആവശ്യം പരിശോധിച്ചു വരുന്നു.

കുന്ദമംഗലം അഗസ്ത്യൻമുഴിയിൽ മിനി സിവിൽ സ്റ്റേഷൻ

60 [2949] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം അഗസ്ത്യൻമുഴിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ കണ്ടെത്തിയ സ്ഥലം ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി നീക്കിവെച്ച തുക [illegible]ക്കാമോ;

(സി) പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന്റെ പ്രാരംഭ പ്രവർത്തനം ഏതു ഘട്ടത്തിലാണ് എന്നും പ്രവൃത്തി എന്നാരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ അധീനതയിൽപ്പെട്ട സ്ഥലമാണ്.

(ബി ആന്റ് സി) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ഏറ്റുമാനൂർ-നെടുമ്പാശ്ശേരി റോഡിന്റെ നിർമ്മാണ പുരോഗതി

61 [2950] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ഏറ്റുമാനൂർ - നെടുമ്പാശ്ശേരി റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത റോഡിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; സർവ്വെ നടത്തി നിശ്ചയിച്ച് സ്ഥലത്തിന്റെ ഉടമകളോട് സമ്മതപത്രമോ കരാറോ വാങ്ങിയിട്ടുണ്ടോ;

(സി) ഇതിന് പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് എത്രയാണ്; ബഡ്ജറ്റിൽ എന്തു തുക ഏതൊക്കെ വർഷങ്ങളിൽ വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly